# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4315** **17/05/2017-ൽ മറുപടിക്ക്**

## എച്ച് വൺ എൻ വൺ പനി

**ചോദ്യം**

**ശ്രീ.എ. എൻ. ഷംസീർ**

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)

**എ)** സംസ്ഥാനത്ത് എച്ച് വൺ-എൻ വൺ പനി ബാധിതരായവർക്ക് മതിയായ ചികിത്സ ഉറപ്പുവരുത്താൻ എന്തൊക്കെ കാര്യങ്ങളാണ് സർക്കാർ ചെയ്തിട്ടുള്ളത്; വിശദമാക്കുമോ?

**എ)** എച്ച്1 എൻ1 രോഗത്തിനുള്ള ചികിത്സ ഇന്ന് എല്ലാ സർക്കാർ ആരോഗ്യ-സ്ഥാപനങ്ങളിലും സൗജന്യമായി ലഭ്യമാണ്. എച്ച് വൺ-എൻ വൺ ചികിത്സയ്ക്കാവശ്യമായ ഒസൾട്ടാമിവിർ മരുന്ന് എല്ലാ സർക്കാർ ആശുപത്രി-കളിലും ലഭ്യമാക്കിയിട്ടുണ്ട്. ഇതിനു പുറമെ കാരുണ്യ മരുന്നു കടകളിലും വിവിധ സ്വകാര്യ മരുന്ന് കടകളിലും ഇത് ലഭ്യമാണ്. ഈ രോഗത്തിന്റെ പകർച്ച തടയാൻ ജനങ്ങൾക്ക് ബോധവൽക്കരണ ക്ലാസ്സുകളും ലഘു-ലേഖകളും തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. ചികിത്സ പൂർണ്ണമായി ഫല-പ്രദമാകാൻ ഡോക്ടർ നിർദ്ദേശിക്കുന്ന മരുന്നുകൾക്ക് പുറമേ മറ്റ് സഹായ പരിചരണങ്ങൾ (ആഹാരം, കഞ്ഞി-വെള്ളം പോലുള്ള ചൂട് പാനീയങ്ങൾ വിറ്റാമിൻസ് ലഭിക്കത്തക്കവിധത്തിലുള്ള ഫലവർഗ്ഗങ്ങൾ, വിശ്രമം) വളരെ ആവശ്യമാണ്. എച്ച്1 എൻ1 വൺ ഫലപ്രദമായുള്ള നിയന്ത്രണപരിപാടികൾ ജില്ലയിലും സംസ്ഥാനത്തും നടപ്പിലാ-ക്കാൻ വേണ്ടി ഇപ്പോൾ നടക്കുന്ന സംവിധാനങ്ങളെ നിരന്തരമായി ഡി.എച്ച്.എസ്, എ.ഡി.എച്ച്.എസ് (പി.എച്ച്), സ്റ്റേറ്റ് നോഡൽ ഓഫീസർ മുതലായ അധികാരികൾ പലവട്ടം പുനർ അവലോകനം ചെയ്യുകയും വേണ്ട അധിക നിർദ്ദേശങ്ങൾ കൃത്യമായി നൽകിവരുന്നു. ജനങ്ങളുടെ സംശയ

നിവാരണത്തിനും, സഹായ സേവനങ്ങൾ ഉറപ്പു വരുത്തുവാനും ആരോഗ്യവകുപ്പിന്റെ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈൻ "ദിശ" യിൽ ബന്ധപ്പെടുന്നതിനുള്ള പത്ര-പരസ്യം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ